നം: സ്പോട്സ് (2)/6851/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 30.05.2015.

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോട്സ് - 2015-16 അദ്ധ്യയന വർഷം സ്പോട്സ് സ്കൂളുകളിൽ 9, 10 ക്ലാസ്സുകളിലേക്ക് അഡ്മിഷൻ നൽകുന്നതു സംബന്ധിച്ച്.

2015-2016 അദ്ധ്യയന വർഷം കേരളത്തിലെ സ്പോട്സ് സ്കൂളുകളായ തിരുവനന്തപുരം ജി.വി. രാജാ സ്പോട്സ് സ്കൂൾ, കണ്ണൂർ സ്പോട്സ് ഡിവിഷൻ എന്നീ സ്കൂളുകളിൽ 9, 10 ക്ലാസ്സുകളിലെ (മലയാളം മീഡിയം) ഒഴിവുള്ള സീറ്റുകളിലേക്ക് അഡ്മിഷൻ നൽകുന്നതിന് കായിക രംഗത്ത് മികവ് കാട്ടുന്ന വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള സംസ്ഥാന സ്പോട്സ് സ്കൂൾ സെലക്ഷൻ, 2015 ജൂൺ 15-ന് തിരുവനന്തപുരം ജി.വി. രാജാ സ്പോട്സ് സ്കൂളിൽ വച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്നു.

2015-2016 അദ്ധ്യയന വർഷം കേരളത്തിലെ അംഗീകൃത സ്കൂളുകളിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കായിക താരങ്ങൾക്ക് ഈ സെലക്ഷനിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുവാൻ താൽപ്പര്യമുള്ള വിദ്യാർത്ഥികൾ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച എലിജിബിലിറ്റി സർട്ടിഫിക്കറ്റ്, സ്പോട്സ് മത്സരങ്ങളിൽ പങ്കെടുത്ത് കരസ്ഥമാക്കിയ അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം അന്നേ ദിവസം രാവിരെ 9.00 മണിക്ക് തിരുവനന്തപുരം ജി.വി. രാജാ സ്പോട്സ് സ്കൂളിൽ റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നിർദ്ദേശം താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂളുകളിലേയ്ക്കും നൽകേണ്ടതാണ്.

ടി സെലക്ഷനുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ 0471-2580534 എന്ന ഫോൺ നമ്പരിൽ ലഭ്യമാണ്.

DIRECTORATE OF PUBLIC INSTRUCTION ★ JAGATHY, THIRUVANANTHAPURAM-14 ★

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

Dr. CHACKO JOSEPH
Deputy Director
Physical Education & Sports
Directorate of Public Instruction
Thiruvananthapuram-14

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.